# മുഖവുര

പുതിയനിയമ എഴുത്തുകാർ സഭകൾ ആരംഭിച്ചിട്ട്, അവയെ ഉപേക്ഷിച്ചു കടന്നുകളഞ്ഞില്ല. തെസ്സലൊനിക്യയിൽ സഭ ആരംഭിച്ച ശേഷം ശൈശവ ദിശയിൽ തന്നെ പൗലൊസിനും സഹപ്രവർത്തകർക്കും അവിടം വിട്ടു പേ ാകേണ്ടി വന്നത് ഉപദ്രവം നിമിത്തമായിരുന്നു (പ്രവൃ. 17:1–10). അവർ വിട്ടുപേ ായി ഏതാനും മാസങ്ങൾക്കുള്ളിൽ ആ ബാല്യത്തിലായിരുന്ന സഭയെ പ്രേ ാൽസാഹിപ്പിച്ച് ആത്മിയ പക്വതയിലെത്തിക്കുവാനായി രണ്ട് ലേഖനങ്ങൾ എഴുതി. രണ്ടാമത് എഴുതിയ ലേഖനത്തെ നാം 2 തെസ്സലൊനിക്യ ലേഖനം എന്നു വിളിക്കുന്നു.

## ലേഖകൻ

### ആന്തരിക തെളിവ്

"പൗലൊസും, ശില്വാനോസും, തിമൊഥെയൊസും" എഴുതി എന്നു ഉറപ്പി ച്ചുകൊണാണ് ലേഖനം ആരംഭിക്കുന്നത്. "പൗലൊസ് ആയ എന്റെ കയ്യാൽ വന്ദനം" എന്ന് രേഖപ്പെടുത്തി 3:17 ൽ, താൻ തന്നെയാണ് എഴുതിയത് എന്നു വീണ്ടും ഉറപ്പിക്കുന്നു. അതിന് പുറമെ, ഉപയയോഗിച്ചിരിക്കുന്ന വാക്കുകളും ഭാഷാശൈലിയും പൗലൊസിന്റെ മറ്റു ലേഖനങ്ങളിലേതുപോലെ ആണ്.

പൗലൊസിനേയും ശില്വാനോസിനേയും, തിമൊഥെയൊസിനേയും എടുത്തു പറഞ്ഞുകൊണ്ടാണ് 1 ഉം 2 ഉം ലേഖനങ്ങൾ ആരംഭിക്കുന്നത്. കൂടാതെ രണ്ടു ലേഖനങ്ങളിലും ഉടനീളം ഫസ്റ്റ് പെഴ്സൺ പ്ലൂരൽ പ്രോന ൗൺ ആയ "ഞങ്ങൾ" എന്നാണ് പറഞ്ഞിരിക്കുന്നത്. തെസ്സലൊനിക്യയിൽ സഭ ആരംഭിക്കുവാൻ പൗലൊസിനെ ശിലാസ് (ശില്വാനോസിന്റെ ചുരുക്ക പ്പേർ) സഹായിച്ചിരുന്നതായി അപൊസ്തല പ്രവൃത്തികളായ ചരിത്ര പുസ്ത കത്തിൽ നമുക്ക് കാണുവാൻ കഴിയും (പ്രവൃ. 17:4 നോക്കുക).

### ബാഹ്യമായ തെളിവ്

2 തെസ്സലൊനിക്യ ലേഖനം പൗലൊസ് ആണ് എഴുതിയത് എന്നതിന് ബാഹ്യമായ ശ്വാസിയമല്ലാത്ത തെളിവുകൾ പിന്തുണച്ചിട്ടുണ്ട്. ഈ ലേഖ നത്തിന്റെ ബാഹ്യമായ തെളിവുകൾ 1 തെസ്സലൊനിക്യ ലേഖനത്തേക്കാൾ ശക്തമാണ്.

പല പുരാതന സാക്ഷികളും 2 തെസ്സലൊനിക്യ ലേഖനം പൗലൊസ് എഴുതി എന്നതിനുള്ള തെളിവ് നൽകുന്നു. ഏഷ്യാ മൈനറിലെ പോളികാർപ്പ് (ഏ.ഡി. 135) അതിൽനിന്നും ഉദ്ധരിച്ച് പൗലൊസിന്റെ കാലത്ത് എഴുതി യിരുന്നു. മാർഷ്യന്റെ കാനോനിലും (ശ്വാസിയ പുസ്തകങ്ങളുടെ ലിസ്റ്റ്; ഏ.ഡി. 140) പൗലൊസിന്റെ പേരെടുത്ത് പറഞ്ഞിരിക്കുന്നു. ദ മുററ്റോറിയൻ ഫ്രാഗ്മെന്റിലും (ഏ.ഡി. 170) 2 തെസ്സലൊനിക്യ ലേഖനം ഉൾപ്പെടുത്തിയി രിക്കുന്നു. ഐറേനിയസ് (ഏ.ഡി. 180)എഴുതിയത് പൗലൊസ് ആണെന്ന് അവന്റെ പേരെടുത്ത് പറഞ്ഞു രേഖപ്പെടുത്തിയിരിക്കുന്നു. ക്ലെമന്റ് ഓഫ്

അലെക്സാണ്ടർ (ഏ.ഡി. 190) 2 തെസ്സലൊനിക്യർ 3:1, 2 ഉദ്ധരിച്ചിരിക്കകുന്നു.[1]

മുകളിൽ പറഞ്ഞ തെളിവുകൾ ഉണ്ടായിരുന്നിട്ടും, പൗലൊസ് എഴുതിയതാണെന്നതിനെ എതിർവാദമുന്നയിച്ചവരുമുണ്ട്. റോബർട്ട് എൽ.തോമസ് അതിൽ മുന്നെണ്ണം ഉന്നയിച്ചിരിക്കുന്നു.[2]

1. *അതിലെ അവസാന കാര്യങ്ങളെ സംബന്ധിച്ച ഉപദേശം 1 തെസ്സലൊനിക്യ ലേഖനത്തിൽ നിന്നു വ്യത്യസ്തമാണ്*. 2 തെസ്സലൊനിക്യ ലേഖനത്തിൽ *പരൗസിയ*ക്കു (ക്രിസ്തുവിന്റ മടങ്ങി വരവ്) മുൻപ് സംഭവിക്കുന്ന ചില അടയാളങ്ങൾ പ്രവചിച്ചിരിക്കുന്നതായി, അതു പറയുന്നു, എന്നാൽ 1 തെസ്സലൊനിക്യ ലേഖനത്തിൽ അത് സംഭവിക്കുന്നതിന്റെ വക്കിൽ ആണെന്നു തോന്നുന്നു. എങ്ങനെയായാലും, നാം കാണുവാൻ പോകുന്നതുപോലെ, 2 തെസ്സലൊനിക്യ ലേഖനം വായിക്കുന്ന ഒരാൾക്ക് ആ വ്യത്യാസം മാറുന്നതായി തോന്നും. വ്യത്സ്തമായ അവസ്ഥയുടെ ഊന്നൽ നിലനിൽക്കുന്നതായയി പറയപ്പെടുന്നു, പക്ഷെ 1 തെസ്സലൊനിക്യ ലേഖനത്തിലെ പോലെ, *പരൗസിയ*യുമായി 2 തെസ്സലൊനിക്യ ലേഖനത്തിൽ അത്തരം അന്തരം ഇല്ല.

2. *തന്റെ മറ്റു ലേഖനങ്ങളിൽനിന്നും പൗലൊസിന്റെ ന്യായവിധിയെ കുറിച്ചുള്ള പൗലൊസിന്റെ കാഴ്ച്ചപ്പാട് വ്യത്യസ്തമാണ് എന്നു പറയുന്നു*. ഉപദ്രവിക്കുന്നവർ ശിക്ഷിക്കപ്പെടും, എന്നാൽ ഉപദ്രവിക്കപ്പെടുന്നവർക്ക് ആശ്വാസം ലഭിക്കും എന്ന വാഗ്ദാനത്തെ ആ ചിന്തകന്മാർ എങ്ങനെ വിലയിരുത്തുമെന്ന് ചിന്തിക്കേണ്ടതാണ് (1:5–10). ഇത്തരം ഉപദേശങ്ങൾ പിന്നീട് വരുന്ന തലമുറകൾക്കുള്ളതാണ് എന്നത്രെ വിമർശകർ പറയുന്നത്. പൗലൊസിന് (പരിശുദ്ധാത്മാവിന്റെ നടത്തിപ്പിനാൽ) അവസാന കാലത്തെ സംഭവങ്ങൾ സംബന്ധിച്ച് കൂട്ടിച്ചേർത്ത് വെളിപ്പെടുത്തുവാൻ സാധ്യമല്ല എന്ന് വാദിക്കുന്നു. പൗലൊസ് ആദ്യം വെളിപ്പെടുത്തിയതിൽനിന്നു വ്യത്യസ്തമല്ല അവർ പറയുന്ന “അദർ ഡൈമെൻഷൻ” എന്നു പറയുന്നത്; മുഴുവൻ കാര്യങ്ങളും വ്യക്തമാകുന്നതിനാണ് പൗലൊസ് അത് ചേർത്തിരിക്കുന്നത്.

തെസ്സലൊനിക്യയിലെ ക്രിസ്ത്യാനികൾ കൂടുതൽ ഉപദ്രവങ്ങൾ നേരിട്ടതുകൊണ് (അത് രണ്ട് തെസ്സലൊനിക്യ ലേഖനത്തിൽനിന്നു വ്യക്തമാണ്), ഒരു നാൾ അവർക്ക് അതിൽനിന്നും ഒരു “ആശ്വാസം” ലഭിക്കുമെന്ന ദൂത് അവർക്ക് ആവശ്യമായിരുന്നു. ലേഖനം എഴുതിയത് ഒന്നാം നൂറ്റാണ്ടിന്റെ മദ്ധ്യ-ത്തിലായിരുന്നു എന്നതിന് തെളിവുകളുണ്ട് (മുകളിൽ കൊടുത്തിരിക്കുന്നു). അതിൽ ഒരു ഭാഗത്ത്, ഉപദ്രവിക്കുന്നവർക്ക് ശിക്ഷയും, ഉപദ്രവിക്കപ്പെടുന്നവർക്ക് ആശ്വാസവും ലഭിക്കുമെന്ന് മുന്നറിയിച്ചിരിക്കുന്നു. ആ ഉപദേശം ഭാവിതലമുറക്കു മാത്രമായി ചുരുക്കേണ്ട ആവശ്യം ഉദിക്കുന്നില്ല.

അതേ ഉപദേശം തിരുവെഴുത്തിൽ മറ്റു ഭാഗങ്ങളിലും കാണാം. ഈ ലേഖനം എഴുതുന്നതിന് ദശാബ്ദങ്ങൾക്ക് മുൻപ് യേശുവിന്റെ വായിൽനിന്നു പുറപ്പെട്ടത് ശ്രദ്ധിക്കുക (ലൂക്കൊ. 16:25; മത്താ. 25:31–46). ക്രിസ്തുവിന് എഴുന്നൂറ് വർഷങ്ങൾക്ക് മുൻപ് യെശയ്യാവ് ഇതു പറഞ്ഞിരുന്നു (യെശ. 66:15–24). റോമർ 2:5–10 ൽ പൗലൊസും ഇതു തന്നെ പറഞ്ഞിരിക്കുന്നു. അതുകൊണ്ട് ആ വാദഗതി അസാധുവാണ്.

3. *അതിലെ ക്രിസ്തുവിനെ കുറിച്ചുള്ള കാഴ്ച്ചപ്പാടും അവന്റെ സ്വഭാവഗുണങ്ങളും അവനിൽ ചുമതലപ്പെടുത്തിയ പ്രവൃത്തികളെയു കുറിച്ച് പൗലൊസിന് ശേഷമാണ് രൂപപ്പെട്ടത്*. അത്തരം തടസവാദങ്ങൾ 2 തെസ്സലൊനിക്യർ 2:16 അടിസ്ഥാനപ്പെടുത്തിയാണ്, അവിടെ പറയുന്നത്, “നമ്മുടെ

കർത്താവായ യേശുക്രിസ്തു താനും നമ്മെ സ്നേഹിച്ചു, നിത്യാശ്വാസവും നല്ല പ്രത്യാശയും കൃപയാലെ നൽകിയിരിക്കുന്നു." അത്തരം തടസവാദ്ങ്ങൾക്കുള്ള പ്രശ്നം എന്തെന്നാൽ, ഇവിടെ ക്രിസ്തു ദൈവം മാത്രമല്ല, 1 തെസ്സലൊനിക്യർ 3:11 ൽ പറഞ്ഞിരിക്കുന്നതിൽനിന്നു വ്യത്യസ്തമായി, ക്രിസ്തുവിന്റെ പേർ പിതാവിന് മുൻപ് ഉയോഗിച്ചിരിക്കുന്നു എന്നതാണ്, അവിടെ പിതാവിനെയാണ് ആദ്യം പറഞ്ഞിരിക്കുന്നത്. തടസവാദക്കാർ പറയുന്നത്, ഇത്തരത്തിൽ "യേശുവിനെ മഹത്വീകരിക്കൽ," "പൗലൊസിന്-ശേഷം വളർന്നു വന്നതാണ്" എന്നത്രെ. എങ്ങനെയായാലും, 1 തെസ്സലൊനിക്യ ലേഖനവും യേശു ദൈവം ആണെന്ന് രേഖപ്പെടുത്തുന്നു (1:1; 2:14; 3:11, 12; 5:28). രണ്ടു പേരും ദൈവം ആണെന്ന് കണ്ടുകഴിഞ്ഞാൽ പിന്നെ ആദ്യം ആരെ പറയുന്നു എന്നതിന് വലിയ പ്രസക്തി ഉണ്ടെന്നു തോന്നുന്നില്ല. 2:16, 17 ന്റെ സന്ദർഭത്തില്, അവരെ ദൈവം ആശ്വസിപ്പിച്ച്, ശക്തിപ്പെടുത്തുവാനായിരുന്നു അവൻ പ്രാർത്ഥിച്ചത് എന്നു കാണുന്നതിനാൽ, അവൻ "ദൈവത്തിനും മനുഷ്യർക്കും മദ്ധ്യെയുള്ള ഏക മദ്ധ്യസ്ഥനുമാകയാൽ, യേശുവിനെ ആദ്യം പറഞ്ഞതിൽ അപാകതയില്ല" (1 തിമൊ. 2:5). ആകയാൽ തോമസ് പറഞ്ഞതുപോലെ, "ഈ ലേഖനം പൗലൊസ് അല്ല എഴുതിയത് എന്നു തെളിയിക്കുവാൻ മതിയായ തെളിവുകളൊന്നും മുകളിൽ പറഞ്ഞ വാദഗതികൾക്കില്ല."[3]

## എഴുതിയ സന്ദർഭം, തിയതി, സ്ഥലം

1 തെസ്സലൊനിക്യ ലേഖനത്തിൽ നാം ശ്രദ്ധിച്ചതുപോലെ, പൗലൊസ് തെസ്സലൊനിക്യയിൽ ഏ.ഡി.50 ലോ 51 ന്റെ ആരംഭഘട്ടത്തിലോ സഭ ആരംഭിച്ചിരിക്കണം. ഏ.ഡി. 51 ൽ, അവൻ കൊരിന്തിൽനിന്നും 1 തെസ്സലൊനിക്യ ലേഖനം എഴുതി. അവൻ കൊരിന്തിൽ രണ്ട് വർഷം താമസിച്ചിരിക്കുവാൻ സാധ്യതയുണ്ട് (പ്രവൃ. 18:11), അവൻ അവിടെ ആയിരുന്നപ്പോൾ, ശിലാസും, തിമൊഥെയൊസും അവനോടുകൂടെ ഉണ്ടായിരുന്നു. പിന്നെ തിമൊഥെയൊസ് പൗലൊസിനോടുകൂടെ എഫെസോസിലേക്ക് പോയി, കൊരിന്തിനും എഫെസൊസിനും ഇടക്ക് ശിലാസിനെ കാണുന്നില്ല. അവർ മൂന്നു പേരും വീണ്ടും ഒരുമിച്ചതായി നമുക്ക് എഴുതപ്പെട്ട രേഖയൊന്നുമില്ല. കൊരിന്തിൽ വെച്ച് അവർ മൂന്നു പേരും ഒരുമിച്ചുണ്ടായിരുന്നതിനാൽ, 2 തെസ്സലൊനിക്യ ലേഖനം കൊരിന്തിൽനിന്നും എഴുതിയിരിക്കുവാനാണ് കൂടുതൽ സാധ്യത.

തിമൊഥെയൊസ് തെസ്സലൊനിക്യയിൽ നിന്നു മടങ്ങി വന്ന ഉടനെ, കൊരിന്തിൽനിന്നും 1 തെസ്സലൊനിക്യ ലേഖനം എഴുതി (1 തെസ്സ. 3:1–8). ഒന്നാമത്തെ ലേഖനം എഴുതിയ ശേഷം, ഉടനെ ഇടവകയിൽ പ്രശ്നങ്ങൾ ഉടലെടുത്തതായി പൗലൊസ് "കേട്ടു." (2 തെസ്സ. 3:11), ആകയാൽ അവൻ രണ്ടാമതും എഴുതി. പ്രശ്നം അൽപം വ്യത്യസ്തമായിരുന്നുവെങ്കിലും, അതും ക്രിസ്തുവിന്റെ മടങ്ങി വരവിനെ കുറിച്ചായിരുന്നു എന്നതിനാലാകാം, ഉടനെ തന്നെ രണ്ടാമത്തെ ലേഖനം എഴുതിയത്. അതുകൊണ്ട്, ഒരുപക്ഷെ രണ്ടാം ലേഖനം, ഒന്നാമത്തേത് എഴുതി ആറു മാസങ്ങൾക്കു ശേഷമോ മറ്റോ എഴുതിയത് ഏ.ഡി. 52 ൽ ആയിരിക്കാം.

ആ ഇടവകയിൽ പ്രശ്നങ്ങൾ തുടർന്നുകൊണ്ടിരിക്കുന്നു എന്ന് പൗലൊസ് കേട്ടത് എങ്ങനെ എന്ന് നമുക്ക് അറിയില്ല (3:11). കൊരിന്ത് ഒരു പ്രമുഖ വ്യാപാര കേന്ദ്രമായിരുന്നതിനാൽ, തെസ്സലൊനിക്യയിൽ നിന്നുള്ള ഏതെങ്കിലും

യാത്രക്കാരനിൽ നിന്നായിരിക്കാം.

## വിഷയങ്ങളും ഉദ്ദേശങ്ങളും

ഒന്നാമത്തെ ലേഖനത്തിൽ, പൗലൊസ് തന്റെ ആത്മാർത്ഥതയെ പ്രതിരോധിച്ചത് പരക്കെ അംഗീകരിക്കപ്പെട്ടു (1 തെസ്സ. 2:1-4). വാസ്തവത്തിൽ, ഒരേ കാര്യം തന്നെ പൗലൊസ് തന്റെ രണ്ടാം ലേഖനത്തിൽ ആവർത്തിച്ചിട്ടില്ല. കൂടാതെ ഭൂരിഭാഗം പേരും അവന്റെ പ്രബോധനം നിമിത്തം വിശ്വാസത്തിൽ നിലനിന്നു എന്നു തോന്നുന്നു (1 തെസ്സ. 5:1-11).

ക്രിസ്തുവിന്റെ മടങ്ങി വരവ് സംബന്ധിച്ച അവരുടെ തെറ്റിദ്ധാരണ പൂർണ്ണമായി മാറ്റുവാൻ അവന് കഴിഞ്ഞെന്നു തോന്നുന്നില്ല. ഒന്നാമത്തെ ലേഖനം നിമിത്തം ചില കാര്യങ്ങൾക്ക് വ്യക്തത വരുത്തി എങ്കിലും, ലേഖനത്തിലെ ചില ഭാഗങ്ങളെ അവർ തെറ്റിദ്ധരിച്ചു. ദുരുപദേഷ്ടാക്കന്മാർ പൗലൊസിന്റെ ചില പ്രസ്താവനകളെ തെറ്റായി ഉപയോഗിച്ചു. കർത്താവിന്റെ നാൾ വന്നു കഴിഞ്ഞു എന്ന് ചിലർ പഠിപ്പിക്കുവാൻ തുടങ്ങി (2 തെസ്സ. 2:1-3), പൗലൊസിന്റെ ലേഖനം അത് വ്യക്തമാക്കുന്നു എന്നാണ് അവർ അവകാശപ്പെട്ടത്. അതുകൊണ്ടാണ് പൗലൊസ് ആ വിഷയം ആവർത്തിച്ച് ലേഖനത്തിൽ വിശദമാക്കുവാനുള്ള കാരണം. ഈ ലേഖനത്തിന്റെ ഉദ്ദേശങ്ങൾ ...

- രണ്ടാം വരവിന്റെ കാര്യങ്ങൾ വ്യക്തമാക്കുവാൻ. കൃത്രിമമായ -പൗലൊസിന്റെ ലേഖനമാണ് പ്രശ്നം വഷളാക്കിയത് (2:2).
- തന്റെ നിർദ്ദേശം അനുസരിച്ച് പ്രവൃത്തികളിലേക്ക് മടങ്ങിപോകാതിരുന്നവരോട് എങ്ങനെ പെരുമാറണം എന്നു ബോധ്യമാക്കുവാൻ. 1 തെസ്സലൊനിക്യ ലേഖനം എഴുതിയ ശേഷം കാര്യങ്ങൾ വഷളായി തീർന്നിരുന്നു.
- ഉപദ്രവങ്ങൾ കഠിനമായതിനാൽ വിശ്വസ്ത ക്രിസ്ത്യാനികളെ ഉറച്ചു നിൽപ്പാൻ പ്രോൽസാഹിപ്പിക്കേണ്ടതിന്.

ഈ ലേഖനത്തിലെ മുഖ്യ വീഷയങ്ങളെല്ലാം ഒന്നാം ലേഖനത്തിൽ പറഞ്ഞിരിക്കുന്നതോലെയാണ്: ഏകസത്യ ദൈവം മൂന്നു വിക്തികളിലാണ് (1:1, 2; 2:13, 14), ക്രിസ്തുവിന്റെ ദൈവികത്വം (2:16, 17), തിരുവെഴുത്തിന്റെ ശ്വാസീയത (3:6, 15), രക്ഷ ക്രൂശിൽ വേരുന്നിയിരിക്കുന്നു (2:13, 14), ക്രിസ്ത്യൻ പ്രവൃത്തികളുടെ മൂല്യം (3:6-15), പ്രാർത്ഥനയുടെ വിലയും (1:11; 2:16, 17; 3:5, 16).

## ബാഹ്യരൂപരേഖ

I. പ്രചോദനം (അ.1)
   A. വന്ദനം (1:1, 2)
   B. തെസ്സലൊനിക്യരുടെ സ്ഥിരതക്ക് നന്ദി ചെലുത്തൽ (1:3, 4)
   C. ദൈവത്തിന്റെ നീതിയുള്ള ന്യായവിധിയും ക്രിസ്തുവിന്റെ മടങ്ങിവരവും (1:5-10)
   D. യാചന (1:11, 12)

II. ഉപദേശം (അ. 2)
  A. ക്രിസ്തുവിന്റെ രണ്ടാം വരവ് (2:1–12)
    1. അവന്റെ രണാം വരവ് സംഭവിച്ചിട്ടില്ല (2:1, 2)
    2. അവന്റെ വരവിന് മുൻപുള്ള സംഭവങ്ങൾ (2:3–12)
  B. നന്ദി ചെലുത്തലും പ്രബോധനവും (2:13–15)
  C. തെസ്സലൊനിക്യർക്കു വേണ്ടിയുള്ള പ്രാർത്ഥന (2:16, 17)

III. പ്രബോധനം (അ. 3)
  A. പൗലൊസിനും സഹപ്രവർത്തകർക്കും വേണ്ടി പ്രാർത്ഥിപ്പാനാവ ശ്യപ്പെട്ടു (3:1, 2)
  B. കർത്താവിലും തെസ്സലൊനിക്യരിലുമുള്ള വിശ്വാസം (3:3–5)
  C. ക്രമം കെട്ടവരെ കൈകാര്യം ചെയ്യുവാനുള്ള കൽപനകൾ (3:6–15)
  D. ഉപസംഹാരം (3:16–18)

## പ്രായോഗികത

**ഉപദേഷ്ടാക്കന്മാർ ഉപദേശിച്ചുകൊണിരിക്കുക!**

തെസ്സലൊനിക്യയിലെ ക്രിസ്ത്യാനികളുടെ പ്രശ്നങ്ങളും പരീക്ഷണങ്ങളും 1 തെസ്സലൊനിക്യ ലേഖനം എഴുതി അയക്കുന്നതിൽ കൂടെ പരിഹരിക്കപ്പെടും എന്ന് പൗലൊസ് പ്രതീക്ഷിച്ചിരിക്കാം. എന്നാൽ അങ്ങനെ സംഭവിച്ചില്ല. ഏതാനും മാസങ്ങൾക്ക് ശേഷവും അതേ പ്രശ്നങ്ങൾ തുടരുകയും, പുതിയ പ്രശ്നങ്ങൾ ഉടലെടുക്കുകയും ചെയ്തു!

അവരുടെ ഉപദേഷ്ടാക്കന്മാർ എന്തു ചെയ്തു? അത്തരം അപക്വതയുള്ള സഹോദരന്മാരെ കണ്ട് "നിശബ്ദരായിരുന്നുവോ"? ചില സഹോദരങ്ങൾ തെറ്റിപ്പോകയും, മറ്റു ചിലർ ഉപദ്രവങ്ങൾക്ക് വിധേയരാകുകയും ചെയ്തപ്പോൾ അവർ അവരെ തർജ്ജനം ചെയ്തുവോ? നിങ്ങൾ നിങ്ങളുടെ അപക്വതയിൽ തന്നെ കഴിഞ്ഞുകൊൾക, കുഴപ്പമൊന്നുമില്ല എന്നു പറഞ്ഞോ?

ഇല്ല! അവർ ഇതൊന്നും ചെയ്തിരുന്നില്ല. അവർ അവർക്ക്, ഉപദേശങ്ങളും, നിർദ്ദേശങ്ങളും വിശദീകരണങ്ങളും മുന്നറിയിപ്പുകളും പ്രചോദനവും എഴുതി അറിയിച്ചു. ആ ശൈശവ സഭയ്ക്ക് ഉപദേശം ആവശ്യമാണെന്ന് കരുതി, പൗലൊസും, ശിലാസും, തിമൊഥെയൊസും അവരെ ഉപദേശിപ്പാൻ ആഗ്രഹിച്ചു. മറ്റു സഹോദരങ്ങൾ പ്രശ്നങ്ങളും പ്രതിസന്ധികളും നേരിട്ടു വിഷമിക്കുമ്പോൾ, അവരെ ആവശ്യമായ ഉപദേശങ്ങളും പ്രചോദനവും മുന്നറിയിപ്പുകളും വചനത്തിൽ നിന്നു നൽകുവാൻ ഒരു പാഠം നമ്മെ പഠിപ്പിക്കുന്നതാണ് അത്. ഇത്തരം ഘട്ടങ്ങളിൽ നാം അത്തരത്തിലുള്ളവരെ എങ്ങനെയാണ് സഹായിക്കുന്നത്?

*ദൈവത്തിന്റെ വചനം വിശദമാക്കുവാൻ ക്ഷമ കാണിക്കുക.* നാം ചില പാഠങ്ങൾ നാം പഠിപ്പിച്ചുകഴിയുമ്പോഴേക്കും ആളുകൾ, കേട്ടതു എല്ലാം വിശ്വസിക്കുകയും, അതെല്ലാം മനസിലാക്കുകയും, ഓർമ്മിക്കുകയും, പരിശീലിക്കുകയും ചെയ്യുമെന്നാണ് നാം കരുതുന്നത്. എന്നാൽ അത് അങ്ങനെയല്ല. മിക്ക ആളുകൾക്കും സ്ഥിരമായ മാറ്റം പ്രയാസമുള്ള കാര്യമാണ്. മാറ്റത്തിന് തടസം നിൽക്കുന്ന ഘടകങ്ങളാണ്, വ്യത്യസ്തമായ കഴിവുകൾ, മനസ്, അറി

വ്, ബുദ്ധി, സാമൂഹികവും കുടുംബപരവുമായ പരിതസ്ഥിതികൾ എന്നിവ. കേൾക്കുന്നതിനും അത് പരിശീലിക്കുന്നതിനും ഇടക്ക് ഓരോ പടിയിലും അനുസരണം വ്യതിചലിച്ചുപോയേക്കാം.

തൽഫലമായി, പഠിപ്പിച്ചത് ആളുകൾക്ക് മുഴുവൻ മനസിലാകുന്നതുവരെ, ക്ഷമയോടെ പഠിപ്പിച്ചുകൊണ്ടിരിക്കണം. ഇവരുടെ ചോദ്യങ്ങൾക്ക് ഉത്തരം നൽകുകയും തെറ്റു തിരുത്തുകയും ചെയ്തുകൊണ്ടിരിക്കണം. ഉപയോഗിക്കുന്ന വാക്കുകൾ, പറയുന്ന രീതി, നൽകുന്ന ചിത്രീകരണങ്ങൾ, നൽകുന്ന മാതൃകകൾ എന്നിവ ദൈവേഷ്ടം മനസിലാക്കുന്നതിൽ ഒരാൾക്ക് തടസമായി തീർന്നേക്കാം.

ഇത് എന്തുകൊണ്ട് പ്രാധാന്യമർഹിക്കുന്നു? കാരണം ആത്മാവിന്റെ രക്ഷ അപകടവക്കിലാണ്! തിമൊഥെയൊസിനോട് പറഞ്ഞു, “നിന്നേയും നിന്റെ ഉപദേശത്തെയും സൂക്ഷിച്ചുകൊൾക; ഇതിൽ ഉറച്ചു നിൽക്ക; അങ്ങനെ ചെയ്താൽ നീ നിന്നെയും നിന്റെ ഉപദേശം കേൾക്കുന്നവരേയും രക്ഷിക്കും” (1 തിമൊ. 4:16). ആളുകളുടെ ആത്മാക്കളുടെ രക്ഷക്കു വേണ്ടിയുള്ള ഉപദേശം സൂക്ഷ്മതയോടെയും സ്ഥിരതയോടെയും നൽകണം.

*ഉപദേശം ആവർത്തിക്കുവാനുള്ള മനസ് വേണം*. ആളുകൾ ഒരു ആശയം വിശ്വസിച്ച് മുഴുവൻ മനസിലാക്കിയാൽ പോലും അവർ അത് ഓർമ്മിച്ച് പരിശീലിക്കണം എന്നില്ല. ഉപദേശം ഒരാൾ മനസിലാക്കി എന്ന് സമ്മതിച്ചാലും, സ്വന്ത ജീവിതത്തിൽ അത് പരിശീലിച്ചെന്നു വരികയില്ല. ഉപദേശത്തിന് വലിയ ഫലം ഉണ്ടാകുവാൻ ഒരുപക്ഷെ ആഴ്ച്ചകളോ, മാസങ്ങളോ വർഷങ്ങളോ നാം പറയുന്നത് ആവർത്തിക്കേണ്ടതായി വന്നേക്കാം.

യേശുവിന്റെ വചനം അവന്റെ അപ്പൊസ്തലന്മാർ മുഖാന്തരം കേട്ട ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികളോട് പറഞ്ഞു, “നിങ്ങളോ പ്രിയരേ, നമ്മുടെ കർത്താവായ യേശുവിന്റെ അപ്പൊസ്തലന്മാരാൽ മുൻപറഞ്ഞ വാക്കുകളെ ഓർപ്പിൻ” (യൂദാ 17); “വിശുദ്ധ പ്രവാചകന്മാർ മുൻപറഞ്ഞ വചനങ്ങളും നിങ്ങളുടെ അപ്പൊസ്തലന്മാർ മുഖാന്തരം കർത്താവും രക്ഷിതാവും ആയവൻ തന്ന കൽപനയും ഓർത്തുകൊള്ളേണമെന്ന് നിങ്ങളെ ഓർമ്മപ്പെടുത്തുന്നു” (2 പത്രൊ. 3:2).

ആദ്യം വചനം പഠിപ്പിച്ച ക്രിസ്ത്യാനികളെ അത് വീണ്ടും ഓർമ്മിപ്പിച്ചിരുന്നു: “... സഹോദരന്മാരേ, കർത്താവിൽ സന്തോഷിപ്പിൻ, അതേ കാര്യം നിങ്ങൾക്ക് പിന്നെയും എഴുതുന്നതിനാൽ എനിക്ക് മടുപ്പില്ല, നിങ്ങൾക്ക് അത് ഉറപ്പുമാകുന്നു” (ഫിലി. 3:1); “അതുകൊണ്ട് നിങ്ങൾ അറിഞ്ഞവരും ലഭിച്ച സത്യത്തിൽ ഉറച്ചുനിൽക്കുന്നവരും എന്നു വരികിലും ഇത് നിങ്ങളെ എപ്പോഴും ഓർപ്പിപ്പാൻ ഞാൻ ഒരുങ്ങിയിരിക്കും” (2 പത്രൊ. 1:13); “പ്രിയമുള്ളവരേ, ഇപ്പോൾ ഞാൻ നിങ്ങൾക്ക് എഴുതുന്നത് രണ്ടാം ലേഖനമല്ലൊ; അങ്ങനെ നിങ്ങളെ ഓർമ്മിച്ച് നിങ്ങളുടെ പരമാർത്ഥ മനസ് ഉണർത്തുന്നു” (2 പത്രൊ. 3:1).

ക്രിസ്തുവിന്റെ രണ്ടാം വരവിനെ കുറിച്ച് തെസ്സലൊനിക്യയിലെ ക്രിസ്ത്യാനികളോട് *വീണ്ടും* പറയേണ്ടതായിട്ടുണ്ടോ? ജോലി ചെയ്യുന്നവരായിരിപ്പാൻ അവരെ *വീണ്ടും* പ്രോൽസാഹിപ്പിക്കണമായിരുന്നോ? ഉപദ്രവങ്ങൾ നേരിട്ടപ്പോൾ അവർക്ക് *കൂടുതൽ* ഉത്തേജനം ആവശ്യമായിരുന്നോ? എല്ലാ ചോദ്യങ്ങൾക്കും അതെ എന്നാണ് ഉത്തരം, ആകയാൽ രണ്ടാമത്തെ ലേഖനവും അതിലെ നിർദ്ദേശങ്ങളും ആവർത്തിക്കേണത് അനിവാര്യമായിരുന്നു. അവന്റെ വചനം ആവർത്തന യോഗ്യമാണ്!

അടിസ്ഥാന വിശ്വാസത്തിൽ പെടുന്ന കാര്യങ്ങൾ ഒരിക്കൽ പഠിച്ചതും ഓർമ്മിച്ചതുമായ കാര്യങ്ങൾ എല്ലാം അറിയാവുന്നതാണ് എന്നതുകൊണ്ട് കാര്യമാക്കേ എന്നു കരുതരുത്. ദൈവത്തിന്റെ നിർദ്ദേശങ്ങളും കൽപനകളും വീണ്ടും വീണ്ടും ആവർത്തിച്ച് പഠിപ്പിക്കാത്തതിനാൽ നാം ഒരിക്കലും ക്ഷമ ചോദിക്കുവാനിടയാകരുത്!

*സഹോദരന്മാരെ സൗമ്യതയോടെ പ്രോൽസാഹിപ്പിക്കുക.* ദൈവ വചനം പഠിപ്പിക്കുകയും പരിശീലിക്കുകയും ഉപദേഷ്ടാക്കന്മാർ ചിലപ്പോൾ പരുഷമായി സംസാരിക്കുവാൻ പരീക്ഷിക്കപ്പെട്ടേക്കാം. നാം പറയുകയോ അല്ലെങ്കിൽ പെരുമാറുകയോ ചെയ്ത് സഹോദരന്മാരുടെ “വെറുപ്പ്” സമ്പാദിക്കരുത്. അത് കാഠിന്യത്തോടുള്ള നമ്മുടെ ദീർഘക്ഷമയില്ലായ്മയെ ആണ് കാണിക്കുന്നത്.

ഓരോ വിദ്യാർത്ഥിയോടും, സ്നേഹിതനോടും പരമാവധി അവരെ പ്രോൽസാഹിപ്പിക്കുന്ന മനോഭാവമാണ് പരമാവധി നാം പ്രകടിപ്പിക്കേണ്ടത്. ഫലം കാണുവാൻ ഒരുപക്ഷെ ആഴ്ച്ചകളോ, മാസങ്ങളോ, അല്ലെങ്കിൽ വർഷങ്ങളോ വേണ്ടി വന്നേക്കാം.ആ ക്രിസ്ത്യാനികളുടെ കഴിവുകൾ കാണുവാനായിരുന്നു 1 ഉം 2 ഉം ലേഖനങ്ങൾ തെസ്സലൊനിക്യർക്ക് എഴുതിയത്.

“നിങ്ങൾക്ക് അതു ചെയ്യുവാൻ കഴിയും”; “നിങ്ങൾക്ക് സ്ഥിരോൽസാഹം കാണിക്കുവാൻ കഴിയും”; “നിങ്ങൾക്ക് വിജയിക്കുവാൻ കഴിയുമെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്”; ഇവയും 3:4 പോലെയുള്ള വാക്കുകൾ പ്രകടിപ്പിക്കുന്നതിന് ഉദാഹരണങ്ങളാണ്. നാം ഉപദേശിക്കുന്നവരെയും പഠിപ്പിക്കുന്നവരേയും ദൈവം ആഗ്രഹിക്കുന്നത് മനസിലാക്കുവാൻ അവരെ സഹായിക്കണം. നമ്മിൽ നിന്ന് പ്രോൽസാഹന വാക്കുകൾ വരുന്നതിന് അവ ജീവിതത്തിൽ വളർത്തിയെടുക്കണം. അപ്പോൾ കേൾവിക്കാർ അവർക്ക് ദൈവം-നൽകിയ കഴിവുകൾ ദൈവസഹായത്തോടെ തിരിച്ചറിഞ്ഞ് ജീവിക്കുവാൻ തുടങ്ങും.

*ഉപസംഹാരം.* ഒരു അപ്പൊസ്തലൻ മുഖാന്തരം നമുക്ക് ഒരു ലേഖനം ലഭിക്കുകയാണെങ്കിൽ-ആ അപ്പൊസ്തലൻ ക്രിസ്തുവിലുള്ള പ്രോൽസാഹിപ്പിക്കുന്ന സഹോദരനാണെന്ന് അറിയാമെങ്കിൽ, അത് നാം തീർച്ചയായും വായിക്കും. അത് സൂക്ഷിക്കയും അതിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ നാം പാലിക്കയും ചെയ്യും.

ഒരർത്ഥത്തിൽ, അത്തരത്തിൽ പല ലേഖനങ്ങൾ നമുക്ക് ഉണ്ട്. അവയിൽ രണ്ടെണ്ണം തെസ്സലൊനിക്യയിലേ ക്രിസ്ത്യാനികൾക്കായി എഴുതിയതാണെങ്കിലും. നമുക്കും പ്രാധാന്യമുള്ളവയാണ്. സാഹചര്യങ്ങൾ എന്തായാലും, അവയെ സൂക്ഷിച്ചിരിക്കുന്നത്, നാം തുടർച്ചയായി യേശുവിനെ അനുഗമിക്കുന്നതിനാണ്. അവയെ നമുക്ക് സൂക്ഷിക്കാം, ഓർമ്മിക്കാം, പാലിക്കാം. ടിപി

**തയ്യാറാകുക**

തോട്ടത്തിൽ കളകൾ വളരാതെ സൂക്ഷിക്കുവാൻ ഒരു യുവാവിനെ ചുമതലപ്പെടുത്തി. തനിക്ക് നൽകിയ വെല്ലുവിളി നിറവേറ്റുന്നതിൽ അവൻ വളരെ വിശ്വസ്തനായിരുന്നു. അയാളുടെ ആത്മാർത്ഥത കണ്ടിട്ട് ഒരു സ്നേഹിതൻ പറഞ്ഞു, “നീ ജോലി ചെയ്യുന്നത് കണ്ടിട്ട് ഇതിന്റെ ഉടമസ്ഥൻ നാളെ വരുമെന്നു തോന്നുന്നുവല്ലോ” ആ യുവാവ് ഉടനെ മറുപടി പറഞ്ഞു, “ഓ അല്ല. ഉടമസ്ഥൻ ഇന്നു വരുമെന്ന പ്രതീക്ഷയിലാണ് ഞാൻ ഇതൊക്കെ ചെയ്യുന്നത്.” അവന്റെ അഭിപ്രായം സൂചിപ്പിക്കുന്നത്, ഒരു തോട്ടം എങ്ങനെ സൂക്ഷിക്കണം

എന്നു മാത്രമല്ല, കർത്താവ് മടങ്ങി വരുമ്പോൾ നമ്മുടെ ജീവിതം എങ്ങനെ സൂക്ഷിക്കണം എന്നു കൂടെ വ്യക്തമാക്കുന്നു. അവന്റെ വരവിനായി *ഇപ്പോൾ നാം ഒരുങ്ങിയിട്ടുണ്ടോ?*

1 തെസ്സലൊനിക്യ ലേഖനത്തിൽ നിന്നും വ്യത്യസ്തമായ കാഴ്ച്ചപ്പാടോടുകൂടെയാണ് രണ്ടു തെസ്സലൊനിക്യ ലേഖനം എഴുതിയിരിക്കുന്നത്. പൗലൊസിന്റെ ഈ രണ്ടാം ലേഖനത്തിൽ, കർത്താവിന്റെ വരവ് കള്ളനെ പോലെ ആയിരിക്കുമെന്നും, അപ്പോൾ പകരം കൊടുക്കുമെന്നും ഓർപ്പിക്കുന്നു. ഒന്നാമത്തെ അദ്ധ്യായം പ്രചോദനവും, രണ്ടാമത്തെ അദ്ധ്യായം, വിശദീകരണവും, മൂന്നാമത്തെ അദ്ധ്യായം, പ്രബോധനവും ആണ് നൽകുന്നത്.

ഈ ലേഖനത്തിൽ പലതും ഒന്നാമത്തേതിലെന്നപോലെ പലതും പൊതുവായതാണ്. ഒന്നു തെസ്സലൊനിക്യ ലേഖനത്തിലെ വിഷയം, "രണ്ടാം വരവും," രണ്ട് തെസ്സലൊനിക്യ ലേഖനത്തിലെ വിഷയം, "യേശു വരുന്നു," "ക്ഷമയോടെ കാത്തിരിക്കുക." പൗലൊസ് ഇവിടെ പറഞ്ഞു, "അവൻ ഉടനെ വരുന്നില്ല." അവൻ വരുന്നതിനു മുൻപ് ചിലത് സംഭവിക്കണം. "ആദ്യം അധർമ്മ മൂർത്തി പ്രത്യക്ഷനാകണം." "അധർമ്മ മൂർത്തിയെ" "പാപമനുഷ്യനെ" കുറിച്ച് വിശദീകരിക്കുന്നതിനാൽ ഈ ലേഖനം പ്രത്യേകതയുള്ളതാണ്. ഈസി

---

കുറിപ്പുകൾ

[1]പോളികാർപ് *എപിസ്റ്റിൽ ടു ദ ഫിലിപ്പിയൻസ്* 11. 3, 4; ഐറേനിയസ് എഗൈൻസ്റ്റ് ഹെരെസീസ് 3.6.5; ആന്റ് ക്ലെമെന്റ് ഓഫ് അലെക്സാണ്ഡ്രിയ സോമാട്രാ 53. [2]റോബർട് എൽ. തോമസ്, "2 തെസ്സലോണിയൻസ്," *ഇൻ ദ എക്സ്പോസിറ്റേഴ്സ് ബൈബിൾ കമെന്ററി,* എഡി. ഫ്രാങ്ക് ഈ. ജെബലെയിൻ (ഗ്രന്റ് റാപ്പിഡ്സ്, മൈക്ക്:സോണ്ഡർവാൻ 1978), 11:302. [3]ഇബിഡ്, 303. [4]അഡാപ്റ്റഡ് ഫ്രം റെയിമണ്‍ സി. കെലി, *ദ ലെറ്റേഴ്സ് ഓഫ് പോൾ ടു ദ തെസ്സലോണിയസ്,* ദ ലിവിങ്ങ് വേർഡ് കമെന്ററി വാല്യം. 13 (ആസ്റ്റിൻ, ടെക്സ്.:ആർ. ബി. സ്വീറ്റ് കമ്പനി., 1968), 134.